# അല്ലാഹു എവിടെ?

തയ്യാറാക്കിയത്: സയ്യിദ് സഅ്ഫർ സ്വാദിഖ്

ഇസ്‌ലാം മതം സമ്പൂർണമാണ്. അതിൽ വല്ലതും കൂട്ടുവാനോ, കുറക്കുവാനോ പാടില്ല. ഏത് കാര്യത്തിലും ഒരു വിശ്വാസി സ്വീകരിക്കേണ്ട നിലപാട് ഇസ്‌ലാമിക പ്രമാണങ്ങൾ ക്കനുസരിച്ചായിരിക്കണം. അതിൽ നിന്ന് യാതൊരു വ്യതിചലനവും പാടില്ല. ഏതെങ്കിലും ഒരു കാര്യത്തിൽ ഭിന്നത വന്നാൽ അതിനുള്ള പരിഹാരം അന്വോഷിക്കേണ്ടത് ഇസ്‌ലാമിക പ്രമാണങ്ങളായ വിശുദ്ധ ഖുർആനിലും തിരുസുന്നത്തിലുമായിരിക്കണം. ആ പ്രമാണങ്ങൾ ഏതെങ്കിലും കാര്യത്തിൽ ഖണ്ഡിതമായ തീരുമാനം നമുക്ക് നൽകുകയാണെങ്കിൽ അതിൽ നമ്മുടെ ബുദ്ധിക്ക് യാതൊരു സ്ഥാനവും നൽകാതെ സർവ്വാത്മനാ കീഴ്പ്പെടുകയാണ് വേണ്ടത്. വ്യക്തമായ തെളിവുകൾ കണ്ടിട്ടും ബാലിശമായ കാരണങ്ങൾ പറഞ്ഞ് അതിനെ കൊച്ചാക്കുകയെന്നുള്ളത് ഒരു സത്യവിശ്വാസിയുടെ സ്വഭാവമല്ല. പ്രവാചകാനുചരന്മാർ ഭിന്നതയുണ്ടായ കാര്യങ്ങളിൽ പ്രമാണയോഗ്യമായ തെളിവുകൾ കണ്ടെത്തിയാൽ അത് സ്വീകരിക്കുകയാണ് ചെയ്തിരുന്നത് അല്ലാഹു പറയുന്നു:

فَإِنْ تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِنْ كُنتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ ذَلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا(سـورة النساء:٥٩)

“വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യാവസാനമുള്ളതും” (നിസാഅ്:59)

وَمَنْ يُشَاقِقْ الرَّسُولَ مِنْ بَعْدِ مَا تَبَيَّنَ لَهُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِـيرًا( النساء:١١٥)

“തനിക്ക് സന്മാർഗം വ്യക്തമായിക്കഴിഞ്ഞതിന് ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർ ത്തു നിൽക്കുകയും, സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യാവസാനം!” (നിസാഅ്:115)

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمْ الْخِيَرَةُ مِنْ أَمْرِهِمْ وَمَنْ يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُبِينًا(ألأحزاب:٣٦)

“അല്ലാഹുവും അവൻെറ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാ സിയായ ഒരു പുരുഷനാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങ

ളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവൻെറ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു" (അഹ്സാബ്:36) പ്രവാചകതിരുമേനി(സ) പറയുന്നു:

(أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ تَرَكْتُ فِيكُمْ أَمْرَيْنِ لَنْ تَضِلُّوا مَا تَمَسَّكْتُمْ بِهِمَا كِتَابَ اللَّهِ وَسُنَّةَ نَبِيِّهِ)
"പ്രവാചകൻ(സ) പറഞ്ഞു: "നിങ്ങളിൽ ഞാൻ രണ്ട് കാര്യങ്ങൾ വിട്ടേച്ച് പോകുന്നു, അത് രണ്ടും മുറുകെ പിടിക്കുകയാണെങ്കിൽ നിങ്ങൾ ഒരിക്കലും വഴി പിഴക്കുകയില്ല. അല്ലാഹുവിൻെറ ഗ്രന്ഥ വും, അവൻെറ ദൂതൻെറ ചര്യയും"
മുകളിൽ ഉദ്ധരിച്ച ആയത്തുകളുടെയും ഹദീസിൻെറയും അടിസ്ഥാനത്തിൽ ഒരു വിശ്വാസി മനസ്സിലാക്കേണ്ടത്, ഇസ്ലാമിക പ്രമാണങ്ങൾ സൂചിപ്പിക്കുന്ന ഒരു കാര്യം എന്ത് കാരണം പറഞ്ഞാ ലും ശരി ഒരിക്കലും തള്ളുവാൻ പാടില്ലെന്നാണ്.

വിശുദ്ധഖുർആൻ പലവുരു ആവർത്തിച്ച് പറയുന്നതാണ് അവനെ മാത്രമേ ആരാധിക്കാവൂ, അവന്ന് മാത്രമേ ആരാധനാകാര്യങ്ങൾ അർപ്പിക്കാവൂ, അല്ലാഹുവിനെ ആരാധിക്കുന്നതിന് വിശുദ്ധ ഖുർആനിൻെറയും തിരുസുന്നത്തിൻെറയും അടിസ്ഥാനത്തിൽ അവനെ നാം മനസ്സിലാക്കണം. എങ്കിലേ നമ്മുടെ ആരാധനകൾ പരിപൂർണമാകുകയുള്ളൂ. അല്ലാഹുവിന് അനേകം ഭംഗിയുള്ള നാമങ്ങളും, ഉന്നതമായ വിശേഷണങ്ങളും ഉണ്ടെന്ന് അല്ലാഹു തന്നെ വിശുദ്ധ ഖുർആനിൽ സുതരാം സുവ്യക്തമാക്കുന്നുണ്ട്. ഈ നാമ വി ശേഷ ണങ്ങളിലൊന്നും തന്നെ മറ്റാർക്കും യാതൊരു പങ്കുമില്ല. അല്ലാഹു പറയുന്നു:

( فَـاعْلَمْ أَنَّـهُ لا إِلَـهَ إِلا اللَّـهُ ) "ആകയാൽ അല്ലാഹുവല്ലാതെ യതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക" (മുഹമ്മദ്:19)
അല്ലാഹുവിനെ മനസ്സിലാക്കുന്നതിൽ പെട്ടത് തന്നെയാണ് അവൻ എവിടെയാണെന്ന കാര്യം. പ്രവാചകൻ ഒരാൾ വിശ്വാസിയാണോ അവിശ്വാസിയാണോയെന്ന് തീരുമാനിക്കുവാൻ ചോദിച്ചിരു ന്നത് അല്ലാഹു എവിടെയാണെന്ന കാര്യമായിരുന്നു. ഇതിന് വിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും ഒ രു പാട് തെളിവുകൾ കണ്ടെത്തുവാൻ സാധിക്കും.

## അല്ലാഹു അർഷിന് മുകളിൽ:

ഇസ്ലാമിക വിശ്വാസ പ്രകാരം അല്ലാഹു സിംഹാസനത്തിൽ ഉപവിഷ്ടനാണെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

(الـرَّحْمَنُ عَلَـى الْعَـرْشِ اسْـتَوَى)(طـه:٥) "പരമ കാരുണികൾ സിംഹാസന സ്ഥനായിരിക്കുന്നു" (ത്വാഹാ:5)
അല്ലാഹുവിൻെറ സിംഹാസനം എവിടെയാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്.

അല്ലാഹു ആകാശത്തിൽ:

അല്ലാഹു ആകാശത്താണെന്നുള്ളതിന് വിശുദ്ധഖുർആനിൽ ഒരുപാട് ആയത്തുകൾ കാണാൻ സാധിക്കും. അല്ലാഹു പറയുന്നു:

(أَأَمِنتُمْ مَنْ فِي السَّمَاءِ أَنْ يَخْسِفَ بِكُمُ الأَرْضَ فَإِذَا هِيَ تَمُورُ)

"ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായോ? അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞ് കൊണ്ടിരിക്കും" (മുൽക്:17)

أَمْ أَمِنتُمْ مَنْ فِي السَّمَاءِ أَنْ يُرْسِلَ عَلَيْكُمْ حَاصِبًا) الملك:١٨)

"അതല്ല; ആകാശത്തുള്ളവൻ നിങ്ങളുടെ നേരെ ഒരു ചരൽ വർഷം അയക്കുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ?" (മുൽക്:18) മഹാനായ ഇബ്നു അബ്ബാസ്(റ) ആകാശത്തുള്ളവൻ എന്നത് വിശദീകരിക്കുന്നത് "അവൻ അല്ലാഹുവാണെന്നാണ്". അല്ലാഹു വീണ്ടും പറയുന്നു:

(يَخَافُونَ رَبَّهُمْ مِنْ فَوْقِهِمْ وَيَفْعَلُونَ مَا يُؤْمَرُونَ) (النحل: ٥٠)

"അവർക്ക് മീതെയുള്ള അവരുടെ രക്ഷിതാവിനെ അവർ ഭയപ്പെ ടുകയും, അവർ കൽപിക്കപ്പെടുന്നതെന്തും അവർ പ്രവർത്തിക്കുകയും ചെയ്യുന്നു" (നഹ്ൽ: 50)

ഈസാ(അ)നെ അല്ലാഹു തന്നിലേക്ക് ഉയർത്തിയെന്ന് പറയുന്നു. അല്ലാഹു എല്ലാ സ്ഥലത്തും ഉണ്ടെങ്കിൽ എന്നിലേക്ക് ഉയർത്തിയെന്ന് പറയേണ്ടതില്ലല്ലോ? അല്ലാഹു പറയുന്നു:

( بَلْ رَفَعَهُ اللَّهُ إِلَيْهِ)(النساء: ١٥٨ )

"എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രേ ചെയ്തത്" (നിസാഅ്:158)

പ്രവാചകചര്യയിലും ഇതിനുപയുക്തമായ ഒരുപാട് തെളിവുകൾ കാണാൻ കഴിയുന്നതാണ്. പ്രവാചകതിരുമേനി(സ) പറയുന്നു:

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ وَالَّذِي نَفْسِي بِيَدِهِ مَا مِنْ رَجُلٍ يَدْعُو امْرَأَتَهُ إِلَى فِرَاشِهَا فَتَأْبَى عَلَيْهِ إِلَّا كَانَ الَّذِي فِي السَّمَاءِ سَاخِطًا عَلَيْهَا حَتَّى يَرْضَى عَنْهَا)(مسلم)

അബൂഹുറൈറ(റ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(സ) പറയുന്നു:"എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം; ഒരാൾ തന്റെ ഭാര്യയെ വിരിപ്പിലേക്ക് ക്ഷണിച്ചിട്ട് അവൾ അതിന് വിസമ്മതിക്കുകയാണെങ്കിൽ ഭർത്താവ് അവളിൽ തൃപ്തിപ്പെടുന്നത് വരെ ആകാശത്തുള്ളവൻ അവളിൽ കോപിക്കുന്നതാണ്" (മുസ്ലിം)

ഇവിടെ ആകാശത്തുള്ളവൻ എന്നാണ് പ്രവാചക തിരുമേനി പറഞ്ഞത്. അതായത് ആകാശത്തുള്ള അല്ലാഹു അവളിൽ കോപിക്കും എന്നാണ്. അ

പ്പോൾ അവസാന പ്രവാചകനായ മുഹമ്മദ്(സ) മനസ്സിലാക്കിയത് അല്ലാഹു ആകാശത്താണെന്നാണ്. വീണ്ടും കാണുക.

عَنْ عَبْدِ اللَّهِ بْنِ عَمْرٍو قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: الرَّاحِمُونَ يَرْحَمُهُمُ الرَّحْمَنُ ارْحَمُوا مَنْ فِي الْـأَرْضِ يَرْحَمْكُمْ مَنْ فِي السَّمَاءِ )(الترمذي)

അബ്ദുല്ലാഇബ്നു അംറ്(റ)വിൽ നിന്ന് നിവേദനം: റസൂലുള്ളാ(സ) പറയുന്നു: "കരുണ കാണിക്കുന്നവരോട് പരമകാരുണികനും കാരുണ്യം കാണിക്കുന്നതാണ്. ആയതിനാൽ ഭൂമിയിലുള്ള വരോട് നിങ്ങൾ കാരുണ്യം കാണിക്കുക എങ്കിൽ ആകാശത്തുള്ളവൻ നിങ്ങളോടും കാരുണ്യം കാണിക്കുന്നതാണ്" (തിർമിദി) ഇവിടെയും തിരുമേനി പറയുന്നത് അല്ലാഹു ആകാശത്താണെന്നാണ്.

عن مُعَاوِيَةَ ابْنِ الْحَكَمِ السُّلَمِيِّ:قَالَ وَكَانَتْ لِي جَارِيَةٌ تَرْعَى غَنَمًا لِي قِبَلَ أُحُدٍ وَالْجَوَّانِيَّةِ فَاطَّلَعْتُ ذَاتَ يَوْمٍ فَإِذَا الذِّئْبُ قَدْ ذَهَبَ بِشَاةٍ مِنْ غَنَمِهَا وَأَنَا رَجُلٌ مِنْ بَنِي آدَمَ آسَفُ كَمَا يَأْسَفُونَ لَكِنِّي صَكَكْتُهَا صَكَّةً فَأَتَيْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَعَظَّمَ ذَلِكَ عَلَيَّ قُلْتُ يَا رَسُولَ اللَّهِ أَفَلَا أُعْتِقُهَا قَالَ ائْتِنِي بِهَا فَأَتَيْتُهُ بِهَا فَقَالَ لَهَا أَيْنَ اللَّهُ قَالَتْ فِي السَّـمَاءِ قَالَ مَنْ أَنَا قَالَتْ أَنْتَ رَسُولُ اللَّهِ قَالَ أَعْتِقْهَا فَإِنَّهَا مُؤْمِنَةٌ )(مسلم)

"മുആവിയ്യബ്നു ഹഖമുസ്സുലമിയിൽ നിന്ന് നിവേദനം: അദ്ദേഹം പറയുന്നു: എനിക്ക് ആടുകളെ നോക്കുന്ന ഒരു അടിമ സ്ത്രീ ഉണ്ടായിരുന്നു. ഒരു ദിവസം ചെന്നായ ഒരു ആടിനെ പിടിക്കു കയുണ്ടായി. ഞാൻ ആദം സന്തതിയിൽ പെട്ടതായത് കൊണ്ട് തന്നെ എനിക്ക് സങ്കടം വന്നു, മാത്രമല്ല ഞാനവളെ അടിക്കുകയും ചെയ്തു. അതിന് ശേഷമാണ് ഞാൻ ചെയ്തത് ഒരു വലിയ പാതകമാണെന്ന് എനിക്ക് ബോധ്യമായത്. അത് കാരണത്താൽ ഞാൻ പ്രവാചകൻെറയടുത്ത് പോയി കാര്യം പറഞ്ഞു. അല്ലയോ തിരുദൂതരെ, ഞാനവളെ മോചിപ്പിക്കട്ടേയോ. അപ്പോൾ തിരുമേനി പറഞ്ഞു: "നീ അവളെയും കൊണ്ട് വരൂ" അങ്ങിനെ ഞാൻ അവളെയും കൊണ്ട് വന്നു. അപ്പോൾ പ്രവാചക തിരുമേനി അവളോട് ചോദിച്ചു: "അല്ലാഹു എവിടെയാണ്?" അവൾ പ്രതിവചിച്ചു: "ആകാശത്തിൽ" ഞാൻ ആരെണെന്ന് പ്രവാചകൻ(സ) വീണ്ടും ചോദിച്ചു? അവൾ പറഞ്ഞു: "താങ്കൾ അല്ലാഹുവിൻെറ പ്രവാചകനാണ്" അപ്പോൾ നബി(സ) എന്നോട് പറയുകയുണ്ടായി: "നീ അവളെ മോചിപ്പിക്കുക, അവൾ സത്യവിശ്വാസിനിയാണ്". (മുസ്ലിം)

പ്രവാചകൻ(സ) തൻെറ ആകാശാരോഹണ വേളയിലാണ് അല്ലാഹുവിനോട് സംസാരിച്ചത്. അതും അല്ലാഹു ആകാശത്താണെന്നുള്ള തിന് തെളിവാണ്.

വിശുദ്ധ ഖുർആനിലൂടെ അല്ലാഹു തൃപ്തിപ്പെട്ടവരെന്നും, പ്രവാചകൻ പ്രഖ്യാപിച്ച ഉത്തമ നൂറ്റാണ്ടിൽ ജീവിച്ച സ്വഹാബികളുടെ വിശ്വാസവും അല്ലാഹു ആകാശത്താണെന്നാണ് നമുക്ക് കാണാനാവുന്നത്.

പ്രവാചക തിരുമേനി(സ) മരിച്ച സന്ദർഭത്തിൽ മഹാനായ അബൂബക്കർ(റ) പറഞ്ഞ പ്രസിദ്ധമായ ഒരു വാക്യമുണ്ട്. അതിപ്രകാരമാണ്; "ആരെങ്കിലും അല്ലാഹുവിനെ ആരാധിക്കുന്നുവെങ്കിൽ അല്ലാഹു ആകാശത്ത് മരിക്കാ

തെ എന്നെന്നും ജീവിക്കുന്നവനാകുന്നു" (ദാരിമി - ജഹ്മിയാക്കൾക്കുള്ള മറുപടി യിൽ സ്വഹീഹായ സനദോടുകൂടി ഉദ്ദരിച്ചത്).

ഹദീസ് പണ്ഡിതനായിരുന്ന അബ്ദുല്ലാഹിബ്നു മുബാറകിനോട് നമ്മുടെ രക്ഷിതാവിനെ നാം എങ്ങിനെ അറിയുമെന്ന് ചോദിച്ചപ്പോൾ അദ്ദേഹം മറുപടി നൽകുന്നത് നാം ശ്രദ്ധിക്കുക: "അല്ലാഹു ആകാശത്തിന് മുകളിൽ സൃഷ്ടികളിൽ നിന്നെല്ലാം വേറിട്ട് സിംഹാസനത്തിലാണ്" ഇതിൻെറ ആശയം അല്ലാഹു സൃഷ്ടികളിൽ നിന്നെല്ലാം വേറിട്ട് തൻെറ ദാത്തോടുകൂടി സിംഹാസനത്തിലുപവിഷ്ടനാണെന്നാണ്. സൃഷ്ടികളിൽ ആർക്കും തന്നെ അല്ലാഹുവിൻെറ ഉന്നതിയിൽ സാദൃശ്യമില്ല.

നാല് മദ്ഹബിൻെറ ഇമാമുകളും മനസിലാക്കിയത് അല്ലാഹു തൻെറ അർഷിന് മുകളിലാണെന്നും, ഉന്നതിയിൽ ഒരു സൃഷ്ടിയും തന്നെ അല്ലാഹുവിനോട് സാദൃശ്യപ്പെടുന്നില്ലെന്നുമാണ്. നാം നമസ്കരിക്കുമ്പോൾ സുജൂദിൽ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയുടെ അർത്ഥം നാം ഗ്രഹിക്കുക (سبحان ربي الأعلى) "ഉന്നതനായ എൻെറ രക്ഷിതാവ് എത്രയോ പരിശുദ്ധൻ" മാത്രമല്ല നാം പ്രാർത്ഥിക്കുമ്പോൾ കൈകൾ ഉയർത്താറുള്ളത് ആകാശത്തേക്കല്ലേ?, നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളോട് അല്ലാഹു എവിടെയാണെന്ന ചോദ്യത്തിന് അവരുടെ ശുദ്ധ പ്രകൃതിയോടെ അവർ പറയുന്നതും അല്ലാഹു ആകാശത്താണെന്നാണ്.

എന്നാൽ ചിലയാളുകൾ വിശുദ്ധഖുർആനിലെ സൂറത്ത് ഹദീദിലെ ആയത്തുദ്ദരിച്ച് കൊണ്ട് പറയാറുണ്ട് അല്ലാഹു എല്ലായിടത്തുമുണ്ടെന്ന്. അല്ലാഹു പറയുന്നു:

(وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ) "നിങ്ങളെവിടെയായിരുന്നാലും അവൻ നിങ്ങളോടൊപ്പമുണ്ട്" (ഹദീദ്:4) എന്നാൽ ഈ ആയത്ത് വിശദീകരിച്ച് കൊണ്ട് പ്രമുഖ ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നത് ഇപ്രകാരമാകുന്നു: "അവൻ നിങ്ങളെ നിരീക്ഷിക്കുന്നു, നിങ്ങൾ എവിടെയായിരുന്നാലും, എങ്ങിനെയായിരുന്നാലും നിങ്ങളുടെ പ്രവർത്തനങ്ങൾ അവൻ കാണുന്നു, എല്ലാവരും അവൻെറ കാഴ്ചക്കും, കേൾവിക്കും, അറിവിന്നും വിധേയമാണ്" (തഫ്സീർ ഇബ്നുകഥീർ) അല്ലാഹു എല്ലാ സ്ഥലത്തും ഉണ്ടായിരുന്നെങ്കിൽ അത് അല്ലാഹു ഇസ്ലാം പ്രചരിപ്പിക്കുവാനും, ജനങ്ങൾക്ക് ജീവിച്ച് മാതൃക കാണിക്കുവാനും വേണ്ടി നിയോഗിച്ചയച്ച റസൂലുല്ലാഹ് പഠിപ്പിച്ച് തരുമായിരുന്നു. എന്നാൽ പ്രവാചകൻെറ ചെറുതും വലുതും നിസ്സാരവുമായിട്ടുള്ള സർവ്വ ചലനങ്ങളും, വാക്കുകളും നമുക്ക് പറഞ്ഞ് തന്ന സ്വഹാബാക്കൾ നമുക്കത് എത്തിച്ച് തരുമായിരുന്നു. എന്നാൽ ഒരു സാഹാബി പോലും അല്ലാഹു എല്ലാ സ്ഥലത്തും ഉണ്ടെന്ന് പറയഞ്ഞതായിട്ട് നമുക്ക് കാണുവാൻ സാധിക്കുന്നില്ല. അല്ലാഹു എല്ലാ സ്ഥലത്തും ഉണ്ടെന്ന് വാധിക്കുന്നത് ഇസ്ലാമിൽ നിന്നും പുറത്ത് പോയിട്ടുള്ള ജഹ്മിയാക്കൾ (ജഹ്മ്ബനു സ്വഫ്വാനെയും അദ്ദേഹത്തിൻെറ ആശയത്തേയും പിൻപറ്റുന്നവർ) ആണ്. അവർക്ക് അതിന് പ്രമാണയോഗ്യമായ ഒരു തെളിവുകളുമില്ല. ആയതിനാൽ യഥാർത്ഥ മുസ്ലിമായി ജീവിക്കുവാനും മുസ്ലിമായി മരിക്കുവാനും ആഗ്രഹിക്കുന്നവർ

വിശുദ്ധഖുർആനും, തിരുസുന്നത്തും പഠിപ്പിക്കുന്ന യഥാർത്ഥ വിശ്വാസം ഉൾ കൊള്ളാൻ തയ്യാറാവണം. അതിനെതിരെ തൻെറ ന്യായീകരണങ്ങൾക്ക് യാതൊരു വിലയും നൽകുവാനും പാടില്ല. അല്ലാഹുവിൻെറ ഈ വചനം കൂടി ശ്രദ്ധിക്കുക:

(فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّى يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا)

"ഇല്ല, നിൻെറ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധി കർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല" (നിസാഅ്:65)

സത്യം കണ്ടെത്തി അതിനെ പിൻപറ്റുവാനും, മുസ്ലിമായി മരിച്ച് സ്വർഗത്തിൽ പ്രവേശിക്കുവാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാവട്ടെ. ആമീൻ